കേരള പോലീസ്
KERALA POLICE

# കഞ്ചാവുമായി വയനാട് സ്വദേശികൾ പിടിയിൽ




കോട്ടയം:- സംസ്ഥാനത്തിനു പുറത്തു നിന്നും ജില്ലയിൽ എത്തിച്ച ചെറുകിട കച്ചവടക്കാർക്ക് വിൽക്കാൻ ശ്രമിച്ച ഒൻപത് കിലോ ഇരുന്നൂറു ഗ്രാം കഞ്ചാവ് മണർകാട് പോലീസ് പിടികൂടി. വയനാട് മാനന്തവാടി കല്യാട്ടുകുന്നു, ആൽക്കൽ വീട്ടിൽ ഉസ്മാൻ മകൻ റഫീഖ് (37), വയനാട് മേപ്പാടി, പുതുപ്പറമ്പിൽ ,സിദിഖ് മകൻ റഷീദ് (38 ) എന്നിവരാണ് അറസ്റ്റിൽ ആയത്. ബഹു : ജില്ല പോലീസ് മേധാവി ജയ്ദേവ് ജി IPS ന് കിട്ടിയ രഹസ്യ വിവരത്തെത്തുടർന്ന് , കാഞ്ഞിരപ്പള്ളി DYSP യുടെ മേൽനോട്ടത്തിൽ , മണർകാട് S H O രതീഷ് കുമാർ , S I മാരായ കെ കെ രാജൻ , വി കെ രാജേഷ് , ഗോപകുമാർ , സാജൻ, ബിനു കെ ജേക്കബ് , ASI മാരായ ബേബിച്ചൻ ,ദിലീപ് , സുരേഷ് , സി പി ഓ സതീഷ്കുമാർ , വിനോദ് മാർക്കോസ് എന്നിവർ അടങ്ങുന്ന സംഘമാണ് പ്രതികളെ പിടികൂടിയത്.

കോട്ടയം ജില്ലാ നർക്കോട്ടിക്ക് DySP വിനോദ് പിള്ളയുടെ കീഴിലുള്ള ഡൻസാഫ് ടീമിലെ അംഗങ്ങളായ പ്രതീഷ് രാജ്, അജയകുമാർ കെ.ആർ, തോംസൺ കെ മാത്യു, ശ്രീജിത്ത് ബി നായർ , അരുൺ എസ് എന്നിവർ പ്രതികളെ ഒരു മാസക്കാലമായി നിരീക്ഷിച്ചു വരികയായിരുന്നു. ട്രെയിനിൽ കോട്ടയത്ത് എത്തിച്ച കഞ്ചാവ് വാഹനത്തിൽ കയറ്റി മണർകാട് നാലുമണിക്കാറ്റ് ഭാഗത്ത്കച്ചവടക്കാർക്ക് കൊടുക്കുന്നതിനായി കാത്തിരിക്കുമ്പോൾ ആണ് പ്രതികളെ പിടികൂടിയത്.

ജില്ലാ പോലീസ്, കോട്ടയം